**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2861** **03-08-2021 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് സർവകലാശാലയിലെ ഗവേഷക വിദ്യാർത്ഥികൾക്കുള്ള ഫെല്ലോഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് കീഴിലെ കോളേജുകളെ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളായി അംഗീകരിച്ചിട്ട് വർഷങ്ങളായിട്ടും നാളിതു വരെ ഗവേഷക വിദ്യാർത്ഥികൾക്ക് സർവ്വകലാശാല യാതൊരു വിധ ഫെല്ലോഷിപ്പും നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കേരളത്തിലെ മറ്റ് സർവകലാശാലകൾക്ക് കീഴിലെ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളായ കോളേജുകളിലുള്ള ഗവേഷക വിദ്യാർത്ഥികൾക്ക് അതാത് സർവ്വകലാശാലകൾ വർഷങ്ങളായി ഫെല്ലോഷിപ്പ് നൽകിക്കൊണ്ടിരിക്കുമ്പോൾ കാലിക്കറ്റ് സർവകലാശാല മാത്രം ഗവേഷക വിദ്യാർത്ഥികളോട് കാണിക്കുന്ന വിവേചനം അവസാനിപ്പിക്കുവാൻ നിർദ്ദേശങ്ങൾ നൽകുമോ ; | (ബി) | യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റിലെ ഗവേഷക വിദ്യാർത്ഥികൾക്കായി ഫെല്ലോഷിപ്പ് നൽകി വരുന്നുണ്ട്. അഫിലിയേറ്റഡ് കോളേജുകളിലെ ഗവേഷകർക്കുകൂടി ഫെല്ലോഷിപ്പ് ലഭ്യമാക്കുന്ന കാര്യം സർവ്വകലാശാല പരിശോധിക്കുന്നുണ്ട്. |
| (സി) | ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി രാജ്യത്തെ യു.ജി.സി അടക്കമുള്ള വിദ്യാഭ്യാസ രംഗത്തെ സമിതികൾ സർവകലാശാലകൾ മുഖേനയും അതിന് കീഴിലുള്ള കലാലയങ്ങൾ മുഖേനയും നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ സർവകലാശാലകളിൽ ഒരു ഏകീകൃത നയം ഗവേഷണ മേഖലയിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ ? | (സി) | ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതു മായി ബന്ധപ്പെട്ട പദ്ധതികളും / സംരംഭങ്ങളും ചുവടെ ചേർക്കുന്നു. I. കൈരളി ഗവേഷണ പുരസ്കാരങ്ങൾ II. സർവകലാശാലകളുടെ പ്രവർത്തന മികവിന് നൽകുന്ന ചാൻസലേഴ്സ് അവാർഡ് III. എറുഡൈറ്റ് പദ്ധതി (Erudite – Scholar – in – Residence Programme IV. ഫാക്കൽറ്റി ഡവലപ്മെൻറ് പ്രോഗ്രാം V. (FLAIR – Fostering Linkages for Academic Innovation & Research) VI. ആസ്പയർ സ്കോളർഷിപ്പ് പദ്ധതി VII. PLEASE – Performance Linked Encouragement for Academic Studies & Endeavour. |

സെക്ഷൻ ഓഫീസർ